SADASYATILAKA T. K. VELU PILLAI: I am one of those who spoke and I wish to place this aspect before the House.

MR. K. KUNJU PANICKAR: My cut motion is about the salaries of about 6 Excise Inspectors and my explanation is this :

"To discuss the lack of efficiency of these officers, to check the smuggling and corruption in the Frontiers and Chowkeys."

I did not want to discuss about the Inspectors in general or any thing else about the Excise Department. From the speech of my Honourable Friend Mr. Kochukora Tharakan, my honourable friend the Excise Commissioner might have noted that there are instances of corruption which have been brought to his notice I have given notice about an Excise Peon who went to the house of a Paraya took 5½ measures of his rice and sold it. The subordinates of the Department are inclined to commit such regular extortions. There were so many instances of smuggling and corruption and there were some investigation and punishments. What I want to point out is that the Inspectors are expected to do their duty still more efficiently, than hither to.

Vide my next cut motion *i. e.*, No. 2. It is, "To omit the allotment of Rs. 2,885 for Inspectors."

(To show that these posts are unnecessary).

This item of demand for more chowkeys shows that there is yet smuggling and corruption in the Department. That is all I wanted to bring to the particular notice of the Departmental Head. He said that everything is being done. I say you should be still more strict. For the greater percentage of collection the present inflation of the money is partly responsible and it is not due to the lack of corruption of officers in the Department. With these observations I withdraw the cut motion.

PRESIDENT: The Excise Commissioner, with commendable modesty, did not bring to the notice of the House that, as a matter of fact, he has pursued what, to my mind, is a praise-worthy course. He has not flinched from placing some of the most important cases in his department for disciplinary action before Government. He has not, I deliberately say, detected all suspected cases of corruptions. He has not also paid rewards to all those who have done well. I think that what the Excise Commissioner has said is a fact which cannot be completely ignored. Throughout my long official life there is no department which has shown a cent per cent collection as the Excise Department has shown during the current year. There is no department either in Madras or in the Central Government having cent per cent collection. I hope that honourable members will congratulate Mr. Unnithan on that.

With regard to corruption, nobody can say that the Excise Department is free from corruption. The Excise Department detected about 430 cases of corruption last year. They were dealt with and punished. Nobody can say that the department is free from corruption because in certain departments there are possibilities for corruption.

At the risk of being irrelevant, I may say that very early in my professional career, I appeared before an Honourable Judge of the Madras High Court and stated that the deceased left a bank balance of 3½ lakhs. The Judge at once interrupted me and asked whether he was a Sub-Judge or a P. W. D. Officer or Excise Officer. So there is a feeling in certain quarters that there are chances of corruption, and the Excise Department, in the very nature of things, lends itself to such a charge because, as put by one honourable member, it deals with excisable articles and it has the advantage of allowing to pass without payment of duty large quantities of articles. I am making an appeal again—which I did last time also—if honourable members and responsible public men can go through the trouble of getting some evidence, without having recourse to convincing evidence in accordance with law, and if only that is brought before the Excise Commissioner or the Head of the Administration, we shall take action. It does not mean that we shall in every case punish the officer, but we shall enquire into it.

The motion was, by leave, withdrawn.

Motion No. 20

MR. K. R. NARAYANAN (*Vaikom cum Kottayam*): Sir, I move the following motion:

To reduce the allotment of Rs. 6,25,173 for Excise by Re. 1.

സർ, ഒരു രൂപാകുറയ്ക്കണമെന്നുള്ള ഈ ഉപക്ഷേപത്തെ ഞാൻ ഇവിടെ ഹാജരാക്കുന്നതിന്റെ പ്രധാന ഉദ്ദേശം തിരുവിതാംകൂറിലെ തൊഴിലാളികളിൽ ഏററവും പ്രധാനപ്പെട്ട ഒരു തൊഴിലാളി വിഭാഗമായ ഇവിടത്തെ ചെത്തുതൊഴിലാളികളുടെ കാര്യം എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുക എന്നുള്ളതാണ്. കഴിഞ്ഞ മദ്യവർജ്ജന പ്രക്ഷോഭണകാലത്തും മററു പല പ്രക്ഷോഭണകാലങ്ങളിലും ചെത്തുതൊഴിലാളികൾ എന്ന കൂട്ടത്തെ ഒരു പുച്ഛമനോഭാവത്തോടുകൂടിയാണ് അനേകമാളുകൾ വീക്ഷിച്ചു കൊണ്ടിരുന്നത്. ആ അവസരങ്ങളിൽ അവർ അഭിമുഖീകരിച്ച ബുദ്ധിമുട്ട് മററു തൊഴിലാളികൾക്കില്ലായിരുന്നു. ഇത്ര ആയാസത്തോടുകൂടി ജോലി ചെയ്യുന്ന മററു മനുഷ്യർ ഇന്നിവിടില്ല. തുമ്പ എടുത്തുജോലി ചെയ്യുന്നവരും, നെയ്ത്തുമുതലായ ജോലികൾ ചെയ്യുന്നവരും ഇത്രആയാസകരമായ ജോലിചെയ്യുന്നില്ല. മററുള്ള കൃഷികളെല്ലാം തന്നെ ഭൂമിയിലുള്ള കൃഷിയാണ്. അതിനു ഇത്ര അപകടം വരാനില്ല. ചെത്തു തൊഴിലാളികളുടെ നിലയാകട്ടെ, അവൻ വേനൽവകവെയ്ക്കാ

[Mr. K. R. Narayanan.]

തേയും, വർഷംവകവക്കാതേയും, തിരുവോണമെന്നോ മറേറാ ഉള്ള ശുഭദിനങ്ങൾ വകവെക്കാതേയുമാണ് വൃക്ഷങ്ങളിൽ ദിവസംപ്രതിമൂന്നു പ്രാവശ്യം വീതം കയറുന്നത്. മറെറല്ലാ തൊഴിലുകൾക്കും ഇപ്പോൾ പിടിയും വലിയുമാണ്. ക്ഷൗരംവരെയുള്ള തൊഴിലിനു പിടിയുംവലിയുമായി കഴിഞ്ഞിരിക്കുന്നു. എന്നാൽ ഈ തൊഴിലിന് അതൊന്നുംബാധിച്ചിട്ടില്ല. ആയാസകരമായ ഒരു ജോലിയാണിത്. ഭൂമിക്കടിയിൽ കിടക്കുന്ന വെള്ളത്തെ സയൻസീയമായ വിധത്തിൽ, പാതാളഗംഗയേ ആകാശഗംഗയാക്കി, വീണ്ടും അതിനെ ഭൂലോകഗംഗയാക്കുമെന്നു മററുള്ളവരെ ഭൂമിശാസ്ത്രം പഠിപ്പിക്കുന്ന ഗുരുക്കന്മാരാണിവർ. ഇങ്ങനെയുള്ളവരുടെ ശമ്പളം എന്താണ്? എക്സയിസ് ഡിപ്പാർട്ടുമെൻറിനു ൧൫ ലക്ഷം രൂപാ, ഈ തൊഴിൽ ഉണ്ടാക്കിക്കൊടുക്കുന്നു. അവൻെറ ശമ്പളം ൯൩, ൯൬, ൯൭ ഈ ആണ്ടുകളിൽ ൭൦, ൯൦, രൂപായായിരുന്നു. ബഹുമാനപ്പെട്ട എക്സയിസ് കമ്മിഷണരവർകളെ ഞാൻ രണ്ടു മൂന്നു ദിവസങ്ങൾക്കു മുമ്പ് കാണുകയും ഈ വിഷയത്തെക്കുറിച്ച് സംസാരിക്കുകയുംചെയ്തു. എന്നാൽ അദ്ദേഹം പറഞ്ഞത്, തിരുവനന്തപുരം പട്ടണത്തിലെ ഈ തൊഴിലാളികൾക്ക് ൪൦ രൂപാവരെ ശമ്പളമുണ്ടെന്നാണ്. എനിക്കതിൽ സന്തോഷമുണ്ട്. ഇക്കാലത്തു ൩൦ രൂപാ ശമ്പളമെന്നു പറഞ്ഞാൽ ൩൦ ഇടങ്ങഴി അരി എന്നാണ് അർത്ഥം. അവൻെറ ജീവൻ പണയംവച്ച്—മഴക്കാലത്തു കാലു തെററി തറയിൽ വീഴുകയാണെങ്കിൽ കഥകഴിഞ്ഞു—ഈ ജോലി ചെയ്യുന്നവനു് ഇത്ര കുറഞ്ഞശമ്പളം തീരെപോരാത്തതാണ്. ഇത്ര ശാസ്ത്രീയമായ രീതിയിൽ തൊഴിൽ ചെയ്യുന്നവർക്കു കൂടുതൽ ശമ്പളം കൊടുക്കണം. ഞാൻ സിലോണിൽ പോയിരുന്നപ്പോൾ അവിടത്തെ ചെത്തുതൊഴിലാളികളുടെ ശമ്പളം ൧൦൦, ൧൨൦, ൧൫൦—രൂപാവരെയുണ്ടെന്നു അറിഞ്ഞു. അതായത് ഇവിടത്തെ അസിസ്റ്റൻറു പേഷ്കാരുടെ ഗ്രേഡ്. അതുകൊണ്ടു് ഒന്നാമതായി ഈ കൂട്ടക്കാരുടെ ശമ്പളം പരിഷ്കരിക്കണം. ഇവർക്കു കൺട്രാക്ടറന്മാരാണു ശമ്പളം കൊടുക്കുന്നതു. ശമ്പളം കൺട്രാക്റന്മാരെ ഏല്പിക്കുന്നതു് കുറുക്കൻെറ കയ്യിൽ കോഴിയെ സൂക്ഷിക്കാൻ ഏല്പിക്കുന്നതുപോലെയാണ്. വൃക്ഷക്കരം ഡിപ്പാർട്ടുമെൻറിൽനിന്നും പിരിക്കുമ്പോൾ ഇവരുടെ ശമ്പളംകൂടിപ്പിരിച്ചു ഡിപ്പാർട്ടുമെൻറിൽ നിന്നും തന്നെ ഇവർക്കു ശമ്പളം കൊടുക്കുന്നഒരു പദ്ധതി ഉണ്ടാക്കണം. സിലോണിൽ ൧൯൪൦—വരെ ഇവർക്കു കൺ

ടാക്കൂറന്മാരാണ് ശമ്പളം കൊടുത്തുകൊണ്ടിരുന്നതു. അവിടത്തെ അസംബ്ലിയിൽ ഈ വിഷയത്തെക്കുറിച്ച് ഒരു പ്രമേയം അവതരിപ്പിക്കുകയും അതു് സഭ അംഗീകരിക്കുകയും ചെയ്തു. സിലോണിൽ കുറേകാലത്തു് ഇതു പരീക്ഷണാർത്ഥമെങ്കിലും നടന്നുവരികയാണ്. അതു പോലെ ഇവിടേയും ഒന്നുരണ്ടു താലൂക്കുകളിലെങ്കിലുംഈപദ്ധതി നടപ്പിലാക്കുവാൻ ശ്രമിക്കണം. ഇതു വരാനുള്ള കാര്യമാണ്; ഉടൻചെയ്യേണ്ടതായ കാര്യം. തൊഴിലാളികൾക്ക് സ്പെഷ്യലായി അരി അനുവദിച്ച് കൊടുക്കേണ്ടതാണ്. ഒരു ചെത്തുകാരന് ഇപ്പോൾ ഉരിയോ, ഉഴക്കോ അരിയാണ് കിട്ടുന്നതു്. ഇതുവും കഴിച്ചുകൊണ്ട്, അവൻെറ വ്യവസായത്തിനു പോകാൻ സാധ്യമല്ല. എക്സയിസ് കമ്മീഷണർ അടിയന്തിരമായി ചെയ്യേണ്ട കാര്യം ചെത്തു തൊഴിലാളികൾക്കു ശാപ്പാടിനുള്ള വക കൊടുക്കുക എന്നുള്ളതാണ്. തൊഴിലാളികളെ മാത്രം പരിഷ്കരിച്ചാൽ പോരാ തൊഴിൽകൂടി ഒന്നു പരിഷ്കരിക്കണം. ഇപ്പോൾ ചെത്തിയുണ്ടാക്കുന്ന കള്ള് ഒന്നോ രണ്ടോ ദിവസം കഴിഞ്ഞാൽ പുളിച്ചുപോകുന്നു. ഇതു് ദീർഘനാൾ യാതൊരു കേടും കൂടാതെ ഇരിക്കത്തക്കവണ്ണം ഒരു പരീക്ഷ സയൻസിയമായി നടത്തണം. മദ്യം പുളിക്കാതെ സൂക്ഷിക്കാൻ പുറത്തുനിന്നു വരുന്ന ബിസ്കി, ബ്രാൻറി മുതലായവയെപ്പോലെ നല്ല കടലാസിലും മററും പൊതിഞ്ഞു് ആകർഷണീയമായ രൂപത്തിൽ അതിനെ വെളിയിലേക്കയക്കുവാനും എക്സയിസ് ഡിപ്പാർട്ടുമെൻറുശ്രമിക്കണം. ദശമൂലാരിഷ്ടം ദ്രാക്ഷാരിഷ്ടം, മുതലായവ പണ്ടുള്ള വൈദ്യന്മാർഉണ്ടാക്കിക്കൊണ്ടിരുന്നു. ഇന്നാണെങ്കിൽ Blood in Draksha, Blood in Carnis എന്നുള്ള പേരുകളോടുകൂടി വളരെ കമനീയമായ രീതിയിലും അതു പുറത്തു വന്നിട്ടുണ്ട്. അതുപോലെ ശാസ്ത്രീയമായ രീതിയിൽ കള്ളിനെ പരിഷ്കരിച്ചു വർണ്ണക്കടലാസുകൾ പൊതിഞ്ഞു് പുറത്തു തെങ്ങിൻെറ പടമോ മറേറാ അച്ചടിച്ചു പുറത്തയക്കണം. ഇതു് ഒരു വ്യക്തി വിചാരിച്ചാൽ സാധ്യമല്ല. ഗവണ്മെൻറിനെ സാധ്യമാകുകയുള്ളു. കഴിഞ്ഞ കൊല്ലവും അതിന്മുമ്പിലത്തെ കൊല്ലവും ഞാൻ ഈ വിഷയത്തെക്കുറിച്ച് ഇവിടെ പ്രസ്താവിച്ചപ്പോൾ എക്സയിസ കമ്മീഷണർ അവർകൾ പറഞ്ഞമറുപടി ഇതു് ആദായകരമല്ലെന്നാണ് മിസ്റ്റർ ചാരിയുടെ അഭിപ്രായം എന്നായിരുന്നു. എന്നാൽ ഇപ്പോൾ ചാരിയുടെ കാലമല്ല.

[Mr. K. R. Narayanan,]

ഇപ്പോൾ പല ആചാര്യന്മാരും ഉണ്ടല്ലോ. കള്ള് പുളിച്ചുപോകാതിരിക്കുവാൻ ശാസ്ത്രീയമായ ഗവേഷണങ്ങൾ നടത്തുന്നതിന് യൂണിവേഴ്സിററിയിൽ ഒരു പുതിയ പ്രസ്ഥാനം ആരംഭിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഇപ്പോൾ ചക്കര പഞ്ചസാര ഇവകൾ കിട്ടുവാൻ വളരെ വിഷമമായ ഒരു കാലമാണ്. തെങ്ങിൽ നിന്നെടുക്കുന്ന മധുരക്കള്ളിൽനിന്നും പഞ്ചസാര ശക്കര ഇവ ഉണ്ടാക്കുവാൻ കഴിയും. ചേർത്തലയിൽ മുൻകാലങ്ങളിൽ ഇതു് ധാരാളം ഉണ്ടാക്കിക്കൊണ്ടിരുന്നു. എക്സയിസ് ഡിപ്പാർട്ടുമെൻറിൻെറ കർശനമായ നടപടികൾ മൂലമാണ് അതു് നിന്നുപോയിട്ടുള്ളതു. അതുകൊണ്ടു മധുരക്കള്ളിൽനിന്നും പഞ്ചസാര മിട്ടായി മുതലായ സാധനങ്ങൾ നമുക്കു ഉണ്ടാക്കുവാൻ ശ്രമിക്കണം. കോയമ്പത്തൂരിലും, സിലോണിലും, ഇപ്രകാരമുള്ള പരീക്ഷകൾ നടത്തുകയും അതു് വിജയകരമാക്കുകയും ചെയ്തിട്ടുണ്ട്. ചെത്തുകാരുടെ ശമ്പളം പരിഷ്കരിക്കുക, കള്ള് പരിഷ്കൃതരീതിയിൽ പുറത്തയക്കുക മധുരക്കള്ളിൽനിന്നും പഞ്ചസാര മുതലായവ എടുക്കുക ഈ വക വിഷയങ്ങളിലേക്കു എക്സയിസ് ഡിപ്പാർട്ടുമെൻറിൻെറ ശ്രദ്ധ അടിയന്തിരമായി പതിയണമെന്നു അപേക്ഷിച്ചുകൊണ്ടു് ഈ ഉപക്ഷേപത്തെ ഹാജരാക്കിക്കൊള്ളുന്നു.

SADASYATILAKA T K. VELU PILLAI: Sir, I second the motion, for I feel the pleasure and value of having had the opportunity of supporting this motion. I have been interesting myself in this question for many years. As I said, I had the privilege of presiding over large conferences of Ezhavas and other friends. Notwithstanding the tendency to cry down tapping, they have mustered the moral courage not to give up tapping. The proceedings of the Legislature will also show that I have advocated tapping. Mr. Narayanan has adverted to the fact that because of the discouragement of the Excise Department of tapping sweet toddy, it is not being tapped now.

Sweet toddy is being tapped from *Choonda Pana* and other trees very largely at present. I was years ago in the midst of a cluster of trees and I thought it was raining when one of my subordinates asked me to look up and I found that all the water came from a *Choonda Pana* which was being tapped.

Therefore, Sir, at this time, when we find it difficult to get sugar, we must encourage tapping. When we remember the fact that 30 or 40 years ago this *kollachackara* and other things had a great value-they were almost luxuries then--I am only sorry that the Excise Department took a very strange attitude and brought down this industry be-

cause they thought that the tapping of sweet toddy would be converted into tapping of fermented toddy. Therefore I hail this motion for adjournment and I hope the present Excise Commissioner, with the guidance of the Government will do everything necessary to facilitate the carrying out of this most salutory, most useful, and most profitable industry.

The second point is in regard to tapping. I fully share the opinion of Mr. K. R. Narayanan on that point also. And to a very great extent, the credit goes to you Sir, and in a very large measure, to His Highness the Maharaja. For when by the great Proclamation it was resolved that a person, whatever be his caste, whatever his calling, whether he be a day labourer, cooly or a thoity, can enter the portals of Sri Padmanabha, rub shoulders with the so-called higher castes and worship Him, these people who were till then kept down by the tyranny of the other castes, learnt the dignity of labour. The man who taps is doing very great service for the country quite as much as the man who goes into the deep sea to catch fish so as to please the gullets of the more fortunate folk. In fact, these classes are doing very much work not only for the prosperity of the land but also for the dilactation of the people all over the world. The graphic way in which Mr. Narayanan described the manufacture of sweet toddy reminds me of what my friend Mr. C. V. Kunjuraman spoke at a meeting 28 years ago, at which I presided. Mr. Narayanan has made it more businesslike and less literary. But Mr. Kunjuraman was a literary man and no wonder his style was literary. He said 'Here are the tappers who take the Amrit, this Amrit which is taken to the trees above and then taken down.' Mr. Narayanan cannot have heard that, because I am afraid he might not been born at the time Mr. C. V. Kunjuraman spoke at the meeting. But he has used the expression quite independently of Mr. Kunjuraman, and therefore he has impressed me with a great truth.

We are now living in an age when the Government are prepared to look into the legitimate grievances of grant-in-aid teachers and others whose needs require attention. The tappers are now as good and respectable people as anybody else. The old ideas which encouraged people to look down upon these tappers have fortunately become things of the past. Therefore I have great pleasure to support this motion as strongly as I can.

MR. N. NARAYANA KURUP:— (*Ambalapuzha* cum *Shertala*) സർ, ചെത്തുവ്യവസായത്തെ പരിഷ്കരിക്കണമെന്നുള്ള വിഷയത്തെപ്പററി കെ. ആർ. നാരായണൻ അവർകൾ ശക്തിയായ ഭാഷയിൽ ഒരു ദീർഘപ്രഭാഷണം ചെയ്കയുണ്ടായി. അദ്ദേഹം പറയുന്നതു ചെത്തു തൊഴിലാളികൾക്കു സിലോണിൽ, നൂറോ നൂററിഅൻപതോ രൂപാ ശമ്പളം ഉണ്ടെന്നും അതു പോലെ ഇവിടെയും ശമ്പളം കൂട്ടണമെന്നുമാണ്. ശമ്പളം കൂട്ടേണ്ടതത്യാവശ്യമാണ്. ഇപ്പോൾ മി. നാരായണനു ഒരു ഭാവമുണ്ടു. അതു ചെത്തുകാരന്മാർ അദ്ദേഹത്തിന്റെ സമുദായത്തിൽ മാത്രമേയുള്ളു എന്നാണു. ഇപ്രകാരം ശമ്പളം കൂട്ടിയാൽ എല്ലാ സമുദായ

[Mr. N. Narayana kurup.]

ത്തിലും ധാരാളം ചെത്തുകാരന്മാർ ഉണ്ടാകുന്നതാണ്. ഇവിടെ പബ്ലി
ക്ക് സർവീസിൽ സമുദായപ്രാതിനിധ്യം വേണമെന്നും ജനസംഖ്യാനുപാ
തികമായി ഉദ്യോഗം ലഭിക്കണമെന്ന് മുറവിളികൂട്ടുന്ന ഈ അവസര
ത്തിൽ ഇവരുടെ ശമ്പളം വർദ്ധിപ്പിച്ച്, എല്ലാ സമുദായത്തിലും ഈ
തൊഴിലുകാരുണ്ടാകാൻ അവസരം കൊടുത്ത് സമുദായപ്രാതിനിധ്യം ശരി
യാക്കണമെന്നു കൂടി ഞാൻ അഭിപ്രായപ്പെടുന്നു.

സർ, ഇന്ന് ചെത്തുകാർക്ക് അരി കിട്ടുന്നില്ലെന്ന് പറഞ്ഞതി
നെപ്പററിയും രണ്ടു വാക്ക് പറയുവാനുണ്ട്. ഇവരുടെ തൊഴിൽ വളരെ
ആയാസമുള്ളതാണെന്നും ഒരു തെങ്ങിൽ തന്നെ ദിവസം മൂന്നു പ്രാവ
ശ്യം മേല്പോട്ടും കീഴ്പോട്ടും കയറുകയും ഇറങ്ങുകയും ചെയ്യണമെന്നും
അതിനാൽ അരി വിതരണത്തിൽ ഇവരുടെ കാര്യം പ്രത്യേകം പരിഗ
ണിക്കേണ്ടതാണെന്നും ഉള്ള കാര്യത്തിൽ ഞാനും പൂർണ്ണമായി യോജി
ക്കുന്നു. അവർ ചെത്തി എടുക്കുന്നത് അമൃതാണോ, വെണ്ണയാണോ,
എന്നുള്ളത് ഇവിടെ വാദവിഷയമല്ലാ. ഒരു സ്ഥലത്തു തന്നെ ഇരുന്ന്
കയറു പിരിക്കുന്ന തൊഴിലാളികൾക്കു പ്രത്യേകം അരി കൂടുതൽ കൊടു
ക്കാമെങ്കിൽ ദിവസവും തെങ്ങിൽ ൩ പ്രാവശ്യം വീതം കയറി ഇറങ്ങി
വളരെ ബുദ്ധിമുട്ടി ശരീരത്തിന് ആയാസമുണ്ടാക്കുന്ന ചെത്തു തൊഴിലാളി
കൾക്ക് ശരിയായി ആഹാരം കഴിക്കത്തക്കവണ്ണം അരി വിതരണം ചെ
യ്യേണ്ടതാവശ്യമല്ലേ. ഗവർമ്മെൻറു അവർക്ക് ശരിയായി അരി വിതര
ണം ചെയ്യണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. ഇക്കാര്യത്തെ
സംബന്ധിച്ചു ഒരു അസിസ്ററൻറ് പേഷ്കാരവർകളെ കണ്ടു ഞാനും
ആവശ്യപ്പെട്ടു. അദ്ദേഹം പറഞ്ഞത് കൂടുതൽ അരിക്ക് എഴുതി അയ
ച്ചാൽ അനുവദിക്കയില്ലെന്നും അപ്രകാരം എഴുതുന്നതു തന്നെ മേലധികാ
രികൾക്ക് വിരോധമാണെന്നുമാണ്. ഇപ്രകാരമുള്ള സാധുതൊഴിലാളിക
ളുടെ കാര്യത്തിൽ ഗവർമ്മെൻറിൻെറ ദയാദൃഷ്ടി പതിഞ്ഞു കാണാൻ
ഞാൻ പ്രത്യേകം പ്രാർത്ഥിച്ചു കൊള്ളുന്നു. മി. കെ. ആർ. നാരായ
ണൻ പറഞ്ഞതുപോലെ മധുരക്കള്ള് ഉണ്ടാക്കി വില്ക്കുന്നതും വളരെ
ആദായകരമാണ്. മധുരക്കള്ളും ചെത്തി എടുത്ത് പുളിക്കാതെ എന്നും
ഇരിക്കത്തക്കവണ്ണം ശാസ്ത്രീയമായി പരിഷ്കരിക്കാമെങ്കിൽ സായ്പ
ന്മാർപോലും അത് ഉപേക്ഷിക്കയില്ല. ഇതിനു ഒരു കഥ പറയാം.
കള്ളു കൃസ്തീയ മതം നിഷിദ്ധമാക്കിയിരുന്നതാണ്. പണ്ടു ഒരു കുടിയൻ
കൃസ്തീയസഹോദരനെക്കൊണ്ടുള്ള ഉപദ്രവംകൊണ്ട്, കൂട്ടുകാരെല്ലാം കൂടി
ഒരു ധാരയായിരുന്ന അന്നത്തെ മെത്രാൻ തിരുമനസ്സിനെ കണ്ടു പരാതി
പ്പെട്ടു. അദ്ദേഹം കുടിയനെ ഉപദേശിക്കാൻ എത്തി. ഇത് അന്വേ

ഷിക്കാനായി സായിപ്പ് വരുമെന്ന് വിചാരിച്ച അയാൾ പ്രത്യേകം കുറെ മധുരക്കള്ള് തയ്യാറാക്കിവച്ചിരുന്നു. സായിപ്പ് അവിടെ ചെന്ന അവസരത്തിൽ താൻ കള്ള കുടിയാനാണെന്നും മേലാൽ കുടിക്കരുതെന്നും സായിപ്പ് പറഞ്ഞപ്പോൾ അയാൾ തയാറാക്കി വച്ചിരുന്ന മധുരക്കള്ള് എടുത്തു കൊടുത്തു. അദ്ദേഹം അതു കുടിച്ചു നോക്കി. അതു വളരെ സ്വാദുള്ളതായിരുന്നു. ഇതു കുടിച്ചോ ഇതു കുടിച്ചോ ഇതു വളരെ നല്ലതാണ് എന്നു പറഞ്ഞതായി ഒരു കഥ കേട്ടിട്ടുണ്ട്. ഈ മധുരക്കള്ള് പാകപ്പെടുത്തുന്നതിന് ഒരു പരീക്ഷണം നടത്തി വേണ്ട തരത്തിൽ പണം ചിലവു ചെയ്തു ഇതിനെ ഒരു നല്ല വ്യവസായമാക്കി തീർക്കുന്നതു് വലിയ ആദായകരമായിരിക്കുമെന്ന് ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. ഇതിൽനിന്നും പലമധുര പദാർത്ഥങ്ങളും ഉണ്ടാക്കാൻ സാധിക്കും. വ്യവസായഡയറക്ടർ മി. ചാക്കോ പനങ്കള്ളിൽ നിന്നും ഉണ്ടാക്കുന്ന ചക്കര, പഞ്ചസാര, ചാക്ക്ലററു മുതലായവ കഴിഞ്ഞ തിരുനാൾ എക്സ്ബിഷൻ സമയത്തു ഞങ്ങളിൽ പലക്കും തന്നു. അവയെല്ലാം തന്നെ വളരെ നന്നായിരുന്നു. ആ ഒരു വ്യവസായം ഇവിടെ വർദ്ധിപ്പിക്കാമെന്നു വരികിൽ തിരുവിതാംകൂറിലെ ആദായത്തിൽ ശരിയായ ഒരു വർദ്ധനയുണ്ടാകുമെന്നുള്ളതിന് യാതൊരു സംശയവുമില്ലാ. കള്ള് ഇന്ന് ഒരു ആഹാരസാധനമായി തീർന്നിരിക്കുന്നതു കൊണ്ടു ഈ വ്യവസായത്തിനു കള്ളുകിട്ടിയില്ലെന്നു വരാം. എന്നാൽ കള്ളിനു ചിലവില്ലാതെ വിഷമിക്കുന്ന അവസരങ്ങളിൽ ഇതു് ആദായകരമായ ഒരു വ്യവസായമായിരിക്കും. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ പ്രമേയത്തോടു പൂർണ്ണമായി യോജിക്കുന്നു.

MR. K. KUNJU PANICKAR: സർ, പ്രമേയത്തെ പിൻതാങ്ങിക്കൊണ്ടു എനിക്കും രണ്ടു വാക്കു പറയുവാനുണ്ട്. ചെത്തുകാരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്നുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു.

MR. P. SIVARAMA PILLAI (*Meenachil cum Thodupuzha*) : Can a member speak in English and in Malayalam on the same day?

PRESIDENT : Perfectly. As a matter of fact, supposing an honourable member thinks that a particular subject is better treated in Malayalam, than in English, he is perfectly at liberty to do so.

MR. K KUNJU PANICKER : സർ, ചെത്തു തൊഴിൽ ഈ നാട്ടിൽ ഗവൺമെൻറിനു വളരെ ആദായകരവും ജനങ്ങൾക്കു വളരെ ഉപയോഗപ്രദവുമായിട്ടാണ് ഇരിക്കുന്നതു്. എന്നാൽ ഈ തൊഴിൽ ചെയ്യുന്ന ആളുകൾക്ക് ശരിയായ ആദായം ഇല്ലാത്തതുകൊണ്ട് അവർ വേണ്ടിടത്തോളം വിദ്യാഭ്യാസം ചെയ്യാതെയും, ശുചിയായി നടക്കാതെയും ഇരിക്കുന്നു. അതിനാൽ അവരെപ്പററി ജനങ്ങളുടെ ഇടയിൽ ഒരു അവജ്ഞതന്നെയുണ്ട്. ഈ ചെത്തുകാരെ സംബന്ധിച്ച് ശ്രീനാരായ

[Mr. K. Kunju panicker.]

ഞങ്ങളുടെ സ്വാമികൾ പറഞ്ഞിരുന്നതു അവരുടെ ഈ ന്യൂനതയെ ചൂണ്ടിക്കാണിച്ചിട്ടാണ്. അദ്ദേഹം പറഞ്ഞിട്ടുള്ളതു് "ചെത്തരുതു്, ചെത്തുകാരെ തൊടരുതു്, അവരെ തീണ്ടരുതു്" എന്നാണ്. അവരുടെ ശുചിത്വമില്ലായ്മയെ പരിഗണിച്ചിട്ടാണ് അദ്ദേഹം ഇപ്രകാരം പറഞ്ഞിട്ടുള്ളതു്. അവർ വിദ്യാഭ്യാസം ഇല്ലാതെയും ഒരു സംസ്കാരവും ഇല്ലാതെയും ശുചിയായി നടക്കാൻ ശ്രമിക്കാതെയും, വെറും മരത്തിൽ കയറാനും ഇറങ്ങാനും മാത്രം കഴിയുന്നവരായിട്ടാണ് കണ്ടുവരുന്നതു്. ന്യായമായിട്ടുള്ള പ്രതിഫലം ഈ തൊഴിൽ കൊണ്ടു കിട്ടുമെന്നു കണ്ടാൽ മററാളുകളും കൂടി ഈ തൊഴിലിൽ ഏർപ്പെടുമെന്നാണ് എന്റെ അഭിപ്രായം. കോട്ടയത്തുള്ള ഒന്നു രണ്ടു യുവാക്കന്മാർ ഈഴവസമുദായത്തിൽ തന്നെയുള്ളവർ ഏഴാം ക്ലാസ് ജയിച്ച് ൧൨ രൂപാ ശമ്പളം വാങ്ങിച്ചു കൊണ്ട് വാദ്ധ്യന്മാരായിരുന്നിട്ട ഇപ്പോൾ ആ ഉദ്യോഗം ഉപേക്ഷിച്ച് തിരിച്ചു വന്ന് ചെത്തുന്നതായി എനിക്കറിയാം. മി. കെ. ആർ. നാരായണൻ പറഞ്ഞതുപോലെ കോട്ടയത്തു ചെത്തുകാരുടെ ശമ്പളം അത്ര കുറവല്ലാ. അവിടെ ൨൦ രൂപാ അവർക്ക് ശമ്പളം കിട്ടുന്നുണ്ട്. വാദ്ധ്യാർക്ക് ൧൨ രൂപായെ കിട്ടുന്നുള്ളൂ. അതു കൊണ്ട് അവരുടെ ആവശ്യങ്ങൾക്ക് തികയാതെവന്നു. അതിനാൽ ചെത്തു തൊഴിൽകൊണ്ട് മാന്യമായ നിലയിൽ കാലക്ഷേപം നടക്കുമെന്ന് കണ്ടിട്ടാണ് വാദ്ധ്യാന്മാരാണെന്നു പറഞ്ഞു ഞെളിയാൻപോകാതെ ഈ തൊഴിലിൽ. അവർ ഏർപ്പെട്ടതു്. ന്യായമായ ഒരു ശമ്പളം കിട്ടുമെന്നു വരികിൽ നിശ്ചയമായും ആരും ഈ തൊഴിൽ ചെയ്യാൻ മടിക്കുകയില്ലാ. വാററ് മുൻ കാലത്തു ചില ഈഴവർ മാത്രം ചെയ്തുകൊണ്ടിരുന്ന ഒരു വ്യവസായമാണ്. എന്നാൽ ഇപ്പോൾ ഗവൺമെൻറു ഡിസ്റ്റിലറികളിൽ എല്ലാ സമുദായക്കാരും ജോലി ചെയ്യുന്നുണ്ട്. അവർ ജോലി കഴിഞ്ഞു വീട്ടിൽവന്നു വൃത്തിയായി കുളിച്ചു നല്ല വസ്ത്രങ്ങളും ധരിച്ച് യോഗ്യന്മാരായി നടക്കുന്നതു കൊണ്ട് അവരെ വാററുകാരെന്നു ആരും പറയുകയില്ലാ. അതു പോലെ തന്നെ ചെത്തുകാരും ജോലികഴിഞ്ഞു കുളിച്ചു നല്ല വസ്ത്രങ്ങളും ധരിച്ചു നടക്കുന്നതു കണ്ടാൽ അവരെ ചെത്തുകാരാണെന്നു ആരും പറഞ്ഞു പരിഹസിക്കുകയില്ല. എന്നാൽ ഇപ്രകാരം ശുചിത്വവും വിദ്യാഭ്യാസവും എല്ലാം ശരിയായി പാലിക്കുന്നതിനു അവരുടെ ശമ്പളം വർദ്ധിപ്പിക്കേണ്ടതു എത്രയും അത്യാവശ്യമാണ്. ഗവൺമെൻറു വൃക്ഷക്കരം ഈടാക്കുകയും വൃക്ഷങ്ങൾക്ക് മുദ്രയിടിപ്പിക്കയും മററും ചെയ്യുന്നതുപോലെ ചെത്തുകാരുടെ ശമ്പളത്തെപ്പററിയും ഡിപ്പാർട്ടുമെൻറു വ്യവസ്ഥയുണ്ടാക്കി ചെത്തുകാരെ ഓരോ ഷാപ്പിലും ജോലിക്കു വയ്ക്കുന്നപക്ഷം അവർക്കു ഇന്നുള്ളതിൽ നി

MR. KOTTALIL P. ABRAHAM: ഇപ്പോൾ മാരോഷാപ്പിലും ചെത്തുകാരില്ലാതെ ഇരിക്കുകയല്ലെ?

MR. K. KUNJU PANICKER: ഉള്ളതായിട്ടു എനിക്കറിവില്ല. വളരെ ആളുകൾ ഷാപ്പുകളിൽ തൊഴിൽ കിട്ടാത്തതുകൊണ്ടു് പ്രൈവററായിട്ടു ചെത്തുകയും ഷാപ്പുകാരുടെ സമ്മതംകൂടിവാങ്ങിവീട്ടിൽ വച്ചു് കള്ളു വിററു അതിൽ ഒരു പങ്കു് ഷാപ്പുകാരനും എക്സൈസ്കാൎക്കും കൊടുക്കുകയും ചെയ്യുന്ന ഒരു നടപ്പുണ്ടു്. ചില സ്ഥലങ്ങളിൽ എത്രയോ വൃക്ഷങ്ങൾ നമ്പരടിക്കാതെ ചെത്തിവരുന്നുണ്ടു്. അതിനു ചില ആളുകൾക്കു് ചില ഭോഗങ്ങൾ കൂടുതൽ കൊടുക്കണമെന്നേയുള്ളു. ഇങ്ങനെ ധാരാളം നടന്നുകൊണ്ടിരിക്കുന്നുണ്ടു്.

പിന്നെ എനിക്കു് പറയുവാനുള്ളതു് മധുരക്കള്ളിൽ നിന്നും പഞ്ചസാരതുടങ്ങിയ മധുരപദാൎത്ഥങ്ങൾ ഉണ്ടാക്കാവുന്നതിനെപ്പററിയാണു്, ഇപ്പോൾതന്നെ പഞ്ചസാരക്കു് വേണ്ടി ജനങ്ങൾ വലിയ വിഷമം അനുഭവിക്കുകയാണല്ലൊ. ഈ വിഷമം പരിഹരിക്കാൻ നമുക്കു ഇവിടെ തെങ്ങുണ്ടു്. പല ഉപാധികളുമുണ്ടു്. പന രണ്ടുതരത്തിലുണ്ടു്. കരിമ്പുണ്ടു്. ഇതിൽനിന്നെല്ലാം പഞ്ചസാര ഉണ്ടാക്കാം. പഞ്ചസാരവ്യവസായം ഗവൎമ്മെൻറിൻെറ സഹായത്തോടുകൂടി വിപുലമായ രീതിയിൽ നടത്താൻ സാധിക്കും. ഇതിലേക്കു് ഡിപ്പാൎട്ടുമെൻറിൽനിന്നും തന്നെ ഒരു സ്കീം തയ്യാറാക്കി നടപ്പിൽ വരുത്തണമെന്നാണു എൻെറ അഭിപ്രായം. ഇങ്ങനെയായാൽ ഗവമ്മെൻറിനു ഈ ഇനത്തിൽ ഒരു വലിയ വരവുണ്ടാക്കാം. എന്നുമാത്രമല്ല ജനങ്ങൾക്കും അതു വളരെ സഹായമായിരിക്കും; ഇന്നത്തെ പഞ്ചസാരയുടെ വിഷമം മാറുകയും ചെയ്യും. നെല്ലിൻെറ കാൎയ്യത്തിൽ ഇവിടെ ഇത്രയേ ഉണ്ടാകയുള്ളുവെന്നു് ഒരു പരിധിയുണ്ടു്. പഞ്ചസാരയുടെ കാൎയ്യം അങ്ങനെയല്ല. അതിനാൽ ഡിപ്പാൎട്ടുമെൻറു അധ്യക്ഷൻെറ പ്രത്യേക നിയന്ത്രണത്തിൽ ഇതിലേക്കു കഴിയുന്നതും വേഗത്തിൽ ഒരു സ്കീം ഉണ്ടാക്കി പ്രവൎത്തിക്കണമെന്നുള്ള കാൎയ്യം ഞാൻ വീണ്ടും ഉൽബോധിപ്പിച്ചു കൊള്ളുന്നു.

വിദ്യാഭ്യാസവിഷയത്തിൽ ചെത്തു തൊഴിലാളികൾ വളരെ പിന്നോക്കമാണു്. കൃഷിപ്പണിചെയ്യും മററും ഉപജീവിക്കുന്ന പിന്നോക്കസമുദായത്തിൽപ്പെട്ടവരെ ഉയൎത്തുന്നതിനും നല്ലനിലയിൽ ആക്കുന്നതിനും ആയി അവരുടെ ഇടയിലുള്ള ആൺകുട്ടികളേയും പെൺകുട്ടികളേയും വിദ്യാഭ്യാസം ചെയ്യിക്കുന്ന വിഷയത്തിൽ ഗവൎമ്മെൻറു പ്രത്യേകം ശ്രദ്ധപതിപ്പിച്ചു കാണുന്നുണ്ടു്. അതുപോലെ തന്നെ ഗവമ്മെൻറിലേക്കു ഒരു വലിയ ആദായവുമുണ്ടാക്കിക്കൊടുക്കുന്ന ഒരു സമുദായത്തിൻെറ വിദ്യാഭ്യാസനില അധഃപതിച്ചു് പോകുന്നതു് വളരെ ക

[Mr. K. Kunju panicker.]

ഷ്ടമാണ്. അതിനാൽ ഇവിടത്തെ ചെത്തുകാരെ സംബന്ധിച്ചും അവരുടെ കുടുംബാംഗങ്ങളുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ചും ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എൻെറ താഴ്മയായ അഭിപ്രായം. അതുപോലെതന്നെ മി. കെ. ആർ. നാരായണൻ പറഞ്ഞതുപോലെ ലഹരിയുണ്ടാകുന്ന കള്ളിനെപ്പററിയല്ലാ മധുരക്കള്ളുണ്ടാക്കുന്ന വിദ്യക്കുടി ഡിപ്പാർട്ടുമെൻറിൻെറ നിയന്ത്രണത്തിൽ നടപ്പിൽ വരുത്തുന്നതു നന്നായിരിക്കും. അപ്രകാരമായാൽ ഈ വ്യവസായം വളരെ ഭംഗിയായി നടക്കും. തിരുവിതാംകൂറിൽ മാത്രമല്ലാ എവിടെയെല്ലാം ഈ വ്യാപാരം നടത്താമൊ അവിടെയെല്ലാം ചരക്ക് അയച്ചു കൊടുക്കണം. ഇതും നാട്ടിലെ വരവു വദ്ധിപ്പിക്കുന്ന ഒരു നല്ല വ്യവസായമാണ്. അതിനാൽ ഈ വ്യവസായവും നടപ്പിൽ വരുത്തിണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

MR. K. P. KOCHUKORA THARAKAN : സർ, ഈ പ്രമേയത്തെക്കുറിച്ചു ഞാനും രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. മധുരക്കള്ളു മാത്രമല്ല, ഇപ്പോൾ കള്ളുഷാപ്പുകളിൽ രണ്ടും മൂന്നും ദിവസം ഇരുന്നു പുളിച്ച കള്ളിൽനിന്നും ബ്രാൻറിയോ മററു വല്ല പാനീയങ്ങളോ ഉണ്ടാക്കാൻ കഴിയുമെങ്കിൽ അവയെല്ലാം ചാരായം വിൽക്കുന്നതുപോലെ വിൽക്കാൻ സൌകര്യമുണ്ടാക്കിയാൽ വലിയ ആദായകരമായിരിക്കും. എന്നുതന്നെയല്ല പുളിച്ചകള്ളു ചീത്തയാകാതെ കുപ്പിയിൽ അടയ്ക്കുമ്പോൾ ഏതുപ്രകാരം ഇരിക്കുന്നുവോ അതേപ്രകാരം കുപ്പി തുറക്കുമ്പോഴും ഇരിക്കത്തക്കവിധത്തിൽ സൂക്ഷിക്കുവാൻ ഒരു മാർഗ്ഗം കണ്ടുപിടിക്കുന്നതും വളരെ ഉപയോഗപ്രദമായിരിക്കും. അതിലേക്കു വല്ല മാർഗ്ഗങ്ങളും ഉണ്ടോ എന്നു കണ്ടു പിടിക്കണം. പിന്നെ ഇവിടെ നടന്ന സംസാരത്തിൽനിന്നും മനസ്സിലാകുന്നതു മററു സമുദായക്കാരാരും ചെത്തുതൊഴിലിൽ പ്രവേശിച്ചിട്ടില്ലെന്നാണു. അതു സമ്മതിച്ചുകൊടുക്കാൻ ഞാൻ തയ്യാറില്ല. പല സമുദായത്തിൽ പെട്ടവരും ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ട്. അതു എക്സൈസ് കമ്മീഷണർക്കുതന്നെ ബോദ്ധ്യമുള്ളതിനാൽ അതിനെപ്പററി അദ്ദേഹം തന്നെ വിശദീകരിച്ചുകൊള്ളും. ൨൦ രൂപാ മുതൽ ൪൦ രൂപാവരെ ചെത്തുതൊഴിലാളികൾക്കു ശമ്പളമുണ്ടെന്നു മി. കെ. ആർ. നാരായണൻ സമ്മതിച്ചുകഴിഞ്ഞു. എന്നാൽ ഇന്ന് അനവധി പണം ചെലവുചെയ്തു പഠിച്ച് ബി. ഏ. പാസ്സായി ജോലിക്കു വന്നുകഴിഞ്ഞാൽ ഗവണ്മെൻറ് അവക്കു എന്തു ശമ്പളം കൊടുക്കുന്നുവെന്നു മി. നാരായണൻ പറഞ്ഞാൽകൊള്ളാം. ഇന്നു ഷാപ്പുകൺട്രാക്ടർമാർ ചെത്തുകാർക്കു നല്ല

സംഖ്യ ശമ്പളം കൊടുക്കുന്നുണ്ട്. ഇവർ ഗവൺമെൻറു നിയന്ത്രണത്തിലായാൽ അവൻെറ സ്ഥിതി എന്തായിരിക്കുമെന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. ഗവൺമെൻറു ശമ്പളം കൊടുക്കുന്നു, കൺട്രാക്ടർ ജോലി ചെയ്യിക്കുന്നു, എന്നു വന്നാലത്തെ സ്ഥിതി എന്തായിരിക്കുമെന്നു ഈ സഭയും, എക്സൈസ് കമ്മീഷണരും, ബ: ഗവൺമെൻറും ചിന്തിക്കേണ്ടതാണ്. മധുരക്കള്ളുണ്ടാക്കുന്നതിന് ഒരു പ്രയാസവുമില്ല. അത് എൻെറ നാട്ടിൽതന്നെ പലരും ചെയ്യുന്നുണ്ട്. അതിനു എക്സൈസ് ഡിപ്പാർട്ടുമെൻറിൽനിന്നും യാതൊരു തടസ്സവും ചെയ്യുന്നില്ല. ഫീസ് ഒന്നും കൊടുക്കാതെതന്നെ ഈ തൊഴിൽ ചെയ്യുന്നതിനു ഫ്രീപാസ്സ് അപേക്ഷിച്ചാൽ ഡിപ്പാർട്ടുമെൻറിനു വിശ്വാസമുണ്ടെങ്കിൽ തീർച്ചയായും കൊടുക്കും എന്നുള്ള സംഗതി എൻെറ മാന്യസ്നേഹിതൻ അറിഞ്ഞിട്ടില്ലെന്നു തോന്നുന്നു.

ചക്കര ചെത്തിയുണ്ടാക്കുന്നതിനു എക്സൈസ് ഡിപ്പാർട്ടുമെൻറുകാർ തടസ്സമായി നിൽക്കുന്നില്ലെന്നാണു ഞാൻ പറയുന്നതിൻെറ അർത്ഥം. ന്യായമായും സത്യമായും പ്രവർത്തിക്കുമെന്നു ഗവൺമെൻറിനും ഡിപ്പാർട്ടുമെൻറിനും വിശ്വാസമുള്ളവർക്കു ചക്കരക്കള്ളു ചെത്താൻ അനുവാദം നൽകിക്കൊണ്ടിരിക്കുന്നതായിട്ടാണ് എൻെറ അറിവ്. എന്നാൽ ഉത്തമവിശ്വാസമില്ലാതെയും ദുരുദ്ദേശത്തോടുകൂടിയും ഗവൺമെൻറിനെ മനഃപൂർവം വഞ്ചിക്കുന്നമെന്നുള്ള കരുതലോടുകൂടി വ്യാജമായി കള്ളു ചെത്തി വിൽപ്പന നടത്തുന്നവരുടെ ലൈസൻസ് പിൻവലിക്കുന്നുണ്ട്. അതു ഡിപ്പാർട്ടുമെൻറിൻെറ വീഴ്ചയല്ല. അവർ കള്ളത്തരം കാണിക്കുന്നതുകൊണ്ടാണ് ഇപ്രകാരം കുഴപ്പങ്ങളുണ്ടാകുന്നത്. അതിനു ഡിപ്പാർട്ടുമെൻറിനെ ഒരിക്കലും കുററപ്പെടുത്താവുന്നതല്ല.

ചെത്തുതൊഴിലാളികൾക്ക് അരി കൊടുക്കണമെന്നു പ്രത്യേകം ഇവിടെ പ്രസ്താവിച്ചുവല്ലോ. ഞാൻ പറയുന്നതു തിരുവിതാംകൂറിലുള്ള സകലർക്കും ഒരുപോലെ അരി കൊടുക്കണമെന്നാണ്. ഇന്ന തൊഴിലുകാർക്ക് അരി കൊടുക്കണം, ഇന്ന തൊഴിലുകാർക്ക് കൊടുക്കണ്ട എന്നു തരം തിരിക്കേണ്ട ആവശ്യമില്ല. ആർക്കെല്ലാം അരി ആവശ്യമുണ്ടോ അവർക്കെല്ലാം കൊടുക്കതന്നെ വേണം. അല്ലാതെ ചെത്തുതൊഴിലാളികൾക്കു കൊടുക്കണം, വേറെ ആർക്കും കൊടുത്തുകൂടാ എന്നു പറയുന്നതിൻെറ അർത്ഥം എന്താണ്? കൃഷിക്കാരനും വ്യവസായിക്കും കച്ചവടക്കാരനും എല്ലാം അരി ഒരുപോലെ ആവശ്യമാണ്. ചെത്തുതൊഴിലാളികൾക്കു മാത്രമായി അരി കൊടുക്കേണ്ട ആവശ്യവുമില്ല.

[Mr. K. P. Kochukora Tharakan.]

മധുരക്കള്ളിൽനിന്നു ധാരാളം മധുരപദാർത്ഥങ്ങൾ ഉണ്ടാക്കുവാൻ മാർഗ്ഗങ്ങളുണ്ടെന്നു പലരും ഇവിടെ പ്രസ്താവിച്ചുവല്ലോ. ഞാൻ പറയുന്നതു തേങ്ങയുടെ വിലയെ ആശ്രയിച്ചാണു് ഈ വ്യവസായത്തിന്റെ അഭിവൃദ്ധിയും അധഃപതനവും സ്ഥിതിചെയ്യുന്നതെന്നാണു്. കാരണം തേങ്ങാ നല്ല വിലയുള്ളപ്പോൾ വസ്തുഉടമസ്ഥന്മാർ ആരും തന്നെ തെങ്ങു ചെത്താൻ അനുവദിക്കുന്നില്ല. അതുപോലെതന്നെ തേങ്ങയ്ക്കു വിലയില്ലെങ്കിൽ കള്ളുചെത്തിയെടുക്കുവാൻ എല്ലാവരും അനുവദിക്കുകയും ചെയ്യും.

SADASYATILAKA T. K VELU PILLAI: ധാരാളം ചൂണ്ടപ്പനകൾ വച്ചുപിടിപ്പിച്ചു ഈ വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ പരിശ്രമിക്കുന്നതു നന്നല്ലേ?

MR. K. P. KOCHUKORA THARAKAN: വടക്കൻ തിരുവിതാംകൂറിൽ ചൂണ്ടപ്പന ഒരിക്കലും വച്ചുപിടിപ്പിക്കേണ്ട ആവശ്യമില്ല. എല്ലാ സ്ഥലത്തും ധാരാളം കാണുന്ന ഒരു വൃക്ഷമാണതു്. അതുകൊണ്ടു് അതു വച്ചുപിടിപ്പിക്കണമെന്നു് എനിക്കഭിപ്രായമില്ല. നശിപ്പിക്കാതിരുന്നാൽ മതി.

MR. D. C JOSEPH: Sir, the R. A. F. is doing very tremendous work in the West but it is not humanitarian in character. It is of a recent origin but Vanchis Air force is doing useful service from time immemorial. Our air force consists of two units—one from south Travancore I mean the palmyrah tappers and the other from the north—the cocoanut tappers. That is the sort of constructive work which it could do for the safety of mankind and in the best interest of the State. Such kind of noble work is bound to stand for a long time to come. The tappers are contributing to the finances of the State by means of their profession and thus rendered yesman service to the country they served. They are responsible for a revenue of Rs. 15 lakhs. They therefore, deserve every encouragement and support from our Government. I trust that the Dewan-President who is very much interested in giving Yogaabhyasa training to our youngmen would try to devise means through the University to make the tapping work easier and less risky. The work is quite commendable as they work without caring for their lives under any circumstance. Without the aid of any machinery they prepare a delicious food taking their stand on the top of the tree as if it were in an air craft. The epoch-making Temple Entry Proclamation has raised the prestige and dignity of Travancore in the estimation of the world and has broken to pieces the citadel of untouchability. Now comes our airforce which does productive work. It is sure to win the admiration of the public. I request the Excise Commissioner to see that the tappers are properly paid by the contractors. They are suffering very much. They are treated like animals without tail when they are charged in cases rightly or wrongly for alleged illicit tapping. They deserve encouragement and sympathy

as they are contributing large sums of money to the State Revenue. With these words I strongly support Mr. K. R. Narayanan's cut-motion.

MR. P. G. NARAYANAN UNNITHAN: Before speaking anything about tappers and the preservation of sweet toddy, let me clear one misconception in the minds of some of the honourable members. Mr. Kunju Panicker was saying that in Kottayam a number of trees are being tapped which are not numbered. It is an offence and if any case is brought to the notice of the Excise subordinates, action will be taken in such cases.

PRESIDENT: What the honourable member was saying was that everybody knows that there are a large number of trees which are not numbered and which are tapped.

MR. P. G. NARAYANAN UNNITHAN: I must submit to the House that it is not a fact. A number of such cases have been detected and all trees marked. Several parties have been sent to check the tapping of trees and no illicit tapping is now reported. I may, for the information of the honourable members, give a list of the number of trees tapped in the last few years which will show the increase effected during the last few years.

NO. OF TREES TAPPED.

Year.	Cocoanut.	Palmyara.	Choondapana
1115	58662	14853	14492
1116	65318	15247	23619
1117	66931	15681	25035
up to Mithunam 1118	92203	40463	31703

from this increase in trees and present dearth of tappers, it will be seen that the report that not even a single tree which is not marked is being tapped, are believable whenever such cases are brought to the notice of the Inspector or the Unit Officer they will severely deal with those responsible for such irregularities. Action will be taken by the preventive Officers and the special staff sent for checking trees, if any case is detected by them. Therefore, I may inform the House that there is no illicit tapping as the honourable member has put in.

Then about the tappers. The department and the authorities concerned with distribution of rice are very solicitous about their welfare. Rice is being distributed to them in the same manner as the subordinates of the department. As the honourable member himself admitted, they are getting Rs. 20 over and above their meals, in Kottayam. The lowest Excise subordinates are getting only Rs. 10 and Government have very kindly raised their salary from Rs. 10 to Rs. 11 from next year onwards. They are supposed to subsist under their present conditions. When the subordinates of the department are getting only Rs. 10 the tappers are getting Rs. 20 over and above their food. The salary of the tappers is not inadequate—As the honourable member Mr. K. R. Narayanan said the tappers in Trivandrum are getting much more. There are one or two main reasons for it. A large number of tappers have gone outside the State for war service. The few remaining demand very high salary, and they are much in demand. The

[Mr. P. G. Narayanan Unnithan.]

toddy shop contractors are making a good lot of money out of their toddy shops. So, in fact, they are rivalling each other in paying higher wages to these tappers, so that they may get more profit. The tappers can therefore get on very well, even without any special care by the department.

In regard to the departmental supervision of the appointment or payment of tappers there are some practical difficulties. The right of manufacture of toddy is given to the contractors, and the department has nothing to do with it. Toddy shops in specified areas are given on contract. It is specifically stated in the sale notice that the department do not undertake even to provide the trees. When we cannot provide even the trees, I do not know how we can go beyond that to the question of the supply or pay of tappers. All the same, let me assure the House that all that is possible is being done because the department, more than anybody else, realises the value of the services done by the tappers, how it is an essential service, considering the revenue that is derived as a result of their labour.

Then a word with regard to the preservation of sweet toddy. It has not yet been possible to find any method of preserving toddy from fermentation. It has been stated recently that in Ceylon some method has been found out. The University Research Department will be requested to make researches in this direction and if any method could be found for preserving the sweetness of toddy that will be made use of for the purposes mentioned by the honourable members.

With regard to the manufacture of sugar and sugar candy from cocoanut jaggery, let me inform the House that it is not possible at present. For various reasons Messrs Travancore Sugars and Chemicals Ltd. have not been able to restart their sugar factory. Even palmyra Jaggery has gone up very much in price and it is not possible to get jaggery at prices for which they got sugar from elsewhere. The possibility of using sweet toddy in jaggery will depend on the availability of trees for tapping for this purpose. Just at present when copra and oil are very much in demand, I do not think it is possible to start anything like large scale tapping or manufacture of cocoanut Jaggery and sugar or sugar candy from that. Even the shop contractors are finding it very difficult to get toddy for direct consumption. Again unless experiments are conducted in manufacture of jaggery from sweet toddy and actual results watched it will not be possible to say how it could be considered as a successful business proposition. I may, however, say that all that can be done will be done and Messrs. The Travancore Sugars who are in the sugar manufacturing line, will be requested to make experiments in that direction. When cocoanut is not so dear, it may be possible to try this experiment profitably.

It was mentioned here that the number of Choondapanas have dwindled. It may be correct. But the figures before me show that it is possible to increase very much the number of choondapanas under tapping. On this assurance, I hope the honourable member will with-

MR. M. R. NARAYANA PILLAI: Is the Excise Commissioner aware that places like Vakkom and Kadakavoor were producing a kind of small Karippatties out of cocoanut toddy?

MR. P. G. NARAYANAN UNNITHAN: Yes, Sir. They were producing and even now they are doing it. Permission is given for a few licencees in Kottarakara, Quilon and a few other places for manufacturing them. These licencees for sweet toddy are not charged.

The motion, by leave, was withdrawn.

Motion No. 22.

SAHIB BAHADUR P. S. MUHAMMED.

To reduce the allotment of Rs. 89,250 for Supplies and Services and Contingencies by Re. 1.

സർ, ഈ മോഷൻ ഞാൻ അവതരിപ്പിക്കുന്നതു് ഉപ്പ് ഗവണ്മെൻറു ഡിപ്പോകളിൽ ശേഖരിച്ചു വിൽപ്പന നടത്തണം എന്നു പറയുന്നതിനുവേണ്ടിയാണു്. പൊതുജനങ്ങൾക്കു് ആവശ്യമുള്ള സകലസാധനങ്ങൾക്കും ഇന്നു പൊതുവെ വില വളരെ അധികമായി വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്. ഈ അവസരത്തിൽ ഉപ്പ് ഉണ്ടാക്കുന്നവർക്കും കച്ചവടക്കാർക്കും കുറെ വില കൂട്ടതലെടുക്കാൻ ആഗ്രഹം കണ്ടേക്കാം. അതു വെറും സാധാരണമാത്രമാണു്. അതിൽ അവരെ കുററപ്പെടുത്തേണ്ടയാവശ്യമില്ല. തിരുവിതാംകൂറിൽതന്നെ ഉപ്പ് ഇപ്പോൾ ധാരാളമായി ഉണ്ടാക്കുന്നതുകൊണ്ടു് അതിന് ഒരിക്കലും വിഷമം നേരിടുകയില്ല എന്നു വിചാരിക്കുന്നതു ബുദ്ധിപൂർവകമല്ല. ഉപ്പ് ട്രാൻസ്പോർട്ടു ചെയ്യുന്നതിനും മററും ഇപ്പോൾ അല്പം ചെലവു വർദ്ധിച്ചിട്ടുള്ളതുകൊണ്ടു അൽപ്പം വില കൂട്ടാതിരിക്കാനും നിവൃത്തിയില്ല. ഈയിടെയായി കച്ചവടക്കാർ പലവിധത്തിലും ജനങ്ങൾക്കു ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതായി എനിക്കറിയാം. അതിൻെറ ഫലമായിട്ടായിരിക്കാം ഇപ്പോൾ ഉപ്പിനും അല്പം വില വർദ്ധിച്ചിരിക്കുന്നതു്. ഇതു് എക്സൈസ് ഡിപ്പാർട്ടുമെൻറിനെക്കൊണ്ടു സാധിപ്പിക്കാൻവേണ്ടിയാണു കച്ചവടക്കാർ ഈ സാഹസങ്ങളെല്ലാം പ്രവർത്തിച്ചതു്. അവരുടെ ഉദ്ദേശം ഏതാണ്ടു് സ്വല്പം അവർ സാധിക്കുകയുംചെയ്തു എന്നുതന്നെ പറയാം. ഇനിയും അങ്ങനെയുള്ള ശ്രമങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻവേണ്ടി ഡിപ്പാർട്ടുമെൻറു ശ്രദ്ധിക്കണമെന്നാണു് എൻെറ അപേക്ഷ. ഗവണ്മെൻറിൽനിന്നോ ഡിപ്പാർട്ടുമെൻറിൽനിന്നോ അതാതു സ്ഥലത്തു താമസിക്കുന്ന ആളുകൾക്കു ഉപ്പു മിതമായ വിലയ്ക്കു വിതരണം ചെയ്യത്തക്കരീതിയിൽ വേണ്ട ഏർപ്പാടു ചെയ്യണമെന്നു് ഞാൻ പ്രത്യേകം അഭ്യർത്ഥിച്ചുകൊള്ളുന്നു. ട്രാൻസ്പോർട്ടുചെയ്യുന്നതിനും മററുമുള്ള അസൗകര്യങ്ങൾ വർദ്ധിച്ചിരിക്കുന്ന ഇക്കാലത്തു് ഗവണ്മെൻറിനെക്കൊണ്ടുമാത്രമേ ഇതു നിർവഹിക്കാൻ സാധിക്കയുള്ളു. ജനങ്ങളുടെ സൗകര്യങ്ങളെ ഗവണ്മെൻറു് പ്രത്യേകം കരുതേണ്ടതാണു്. ഉപ്പില്ലാതെ ഒരു നിമിഷംപോലും ജനങ്ങൾക്കു മുൻ

[Sahib Bahadur P. S. Muhammed.]

പോട്ടു പോകാൻ സാദ്ധ്യമല്ല. ഒരാഹാരവും കഴിക്കാനും സാദ്ധ്യമല്ല. അതുകൊണ്ടു് ഈ വിഷയത്തിൽ ഡിപ്പാർട്ടുമെൻറിൻെറ ശ്രദ്ധ പ്രത്യേകം പതിയണമെന്നു ചൂണ്ടിക്കാണിക്കുന്നതിനുവേണ്ടിമാത്രമാണു ഞാൻ ഈ മോഷൻ അവതരിപ്പിച്ചതു്.

MR. K. KUNJU PANICKER : സർ, ഉപ്പിനെസംബന്ധിച്ചു് ഒന്നുരണ്ടു കാര്യങ്ങൾ പറവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ ഉപ്പുശേഖരിക്കുന്നതു് പ്രൈവററു് കമ്പനിക്കാർ മുഖാന്തിരമാണല്ലോ. തന്നിമിത്തം അവർ അമിതമായ ലാഭം എടുക്കുകയും ചെയ്യുന്നുണ്ടു്. ഗവൺമെൻറിൽനിന്നോ അല്ലെങ്കിൽ ഡിപ്പാർട്ടുമെൻറിൽനിന്നുതന്നെയോ പ്രത്യേകം ഉദ്യോഗസ്ഥന്മാരെവച്ചു് ഉപ്പു് ശേഖരിക്കുന്നതു് കൂടുതൽ ലാഭകരമല്ലേ എന്നു ഞാൻ ചോദിക്കുന്നു. ഇങ്ങനെ ശേഖരിച്ചാൽ ഉപ്പു് ജനങ്ങളുടെയിടയിൽ മിതമായവിലയ്ക്കു് വിതരണംചെയ്യുവാൻ സാധിക്കുമെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണു്. അതുകൊണ്ടു് ഉപ്പുസമ്പാദനം, സംഭരണം, ട്രാൻസ്പോർട്ടു്, ഉപ്പുവിതരണം ഇതെല്ലാം ഗവൺമെൻറുതന്നെ നിർവഹിക്കുന്നതു് ഏററവും സൗകര്യപ്രദമായിരിക്കും. ഏതെങ്കിലും കമ്പനിക്കാരോ മറേറാ ഉപ്പുസംഭരണത്തിനുവേണ്ടി പണം വ്യയം ചെയ്യുകയോ മറേറാ ചെയ്തിട്ടുണ്ടെങ്കിൽ ഗവൺമെൻറിൽനിന്നും അവരുടെ ചെലവു കൊടുത്തു എത്രയും വേഗത്തിൽ ഉപ്പുഫാക്ടറികളുംമററും ഗവൺമെൻറധീനതയിൽ എടുത്തു് പൊതുവകയായി പരിപോഷിപ്പിക്കേണ്ട ഒന്നാണു് ഉപ്പുവ്യവസായം. അപ്പോൾ ഗവൺമെൻറിനു സൗകര്യമുള്ള നിലയിൽ അതിൻെറ വില നിയന്ത്രിക്കുവാൻ സാധിക്കയും ചെയ്യും. ഈ വക കാര്യങ്ങൾ കൂടി എനിക്കു ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു് ആഗ്രഹമുണ്ടു്.

The House adjourned for lunch at 2 P. M. and met again at 3 P. M.

MR. K. KUNJU PANICKER: സർ, എനിക്കു പ്രധാനമായി ഒരു പായിൻേറ ചൂണ്ടിക്കാണിക്കേണ്ടതായിട്ടുള്ളൂ. അതായതു് ഉപ്പളങ്ങളിൽ ഉപ്പു ശേഖരിച്ചുകൊടുക്കുന്ന ജോലിക്കാരുടെ കാര്യത്തെപ്പററിയാണു്. ഉപ്പു് മൊണോപ്പളിയായി വിൽക്കുന്നതുകൊണ്ടു തൃപ്തികരമായ വിധത്തിൽ ആദായം എടുക്കുന്നില്ല എന്നൊരു പരാതി ഇപ്പോഴുണ്ടു്. ഈ കാര്യത്തിനു ഒരു പരിഹാരം ഉണ്ടാകണമെങ്കിൽ വ്യവസ്ഥാപിതമായ നിലയിൽ ഗവൺമെൻറിൻെറ നേതൃത്വത്തിൽ ഈ വ്യവസായം കൊണ്ടുപോകേണ്ടതു അത്യാവശ്യമാണു്. അതുകൊണ്ടു ഉപ്പളങ്ങളിൽ ജോലിചെയ്യുന്നവരുടെ സംരക്ഷണയ്ക്കും അവരുടെ ജോലിക്കു തക്കതായ പ്രതിഫലം

അവർക്കു കിട്ടുന്നതിനും നാടൊട്ടുക്കു ഉപ്പ് വിതരണം ചെയ്യുന്നതിനും പൊതുവാവശ്യത്തിനുള്ള സാധനങ്ങളിൽനിന്നുമുള്ള ആദായം ജനങ്ങളുടെ പൊതുസ്ഥാപനമായ ഗവൺമെൻറിനുതന്നെ ലഭിക്കണമെന്നുള്ള പൊതുജനഹിതത്തെ നടപ്പിൽ വരുത്തുന്നതിനും ഇന്നത്തെ മൊണൊപ്പൊളി ഏർപ്പാടു എത്രയും വേഗം ഭേദഗതിചെയ്തു ഗവൺമെൻറു ഏറെറടുക്കേണ്ടതാണെന്നു അഭിപ്രായപ്പെട്ടുകൊണ്ടു ഞാൻ വിരമിച്ചുകൊള്ളുന്നു.

MR. S. CHATTANATHA KARAYALAR: May I know what the Honourable Member means by saying monopoly?

MR. KUNJU PANICKER: പ്രത്യേകം ആളുകൾ കൺട്രാക്ററുപിടിച്ചു അവരുടെ ഇഷ്ടംപോലെ ശേഖരിച്ചു വിൽക്കുകയെന്നുള്ളതാണ് മൊണൊപ്പൊളി എന്നു ഞാൻ പറഞ്ഞതിൻെറ താൽപ്പര്യം.

MR. T. T. KESAVAN SASTRY: സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഉപ്പിൻെറ സംഭരണം ഇവിടത്തെ സകല ജനങ്ങളുടെയും ഉപയോഗത്തെ ഗണ്യമായി സഹായിക്കുന്നതാണ്. ഇവിടെ ഇറക്കുമതി ചെയ്യുന്ന ഉപ്പിൻെറ വിലയും നമ്മുടെ ഉപ്പളങ്ങളിൽ സഞ്ജീകരിക്കുന്ന ഉപ്പിൻെറ വിലയും തമ്മിൽ ഒരു താരതമ്യവിവേചനം ചെയ്യുന്നപക്ഷം നമ്മുടെ ഉപ്പിൻെറ വില തുലോം കുറവാണെന്നു കാണാൻ കഴിയും. പല ഇറക്കുമതി സാധനങ്ങളുടേയും വില യുദ്ധകാലപരിതസ്ഥിതികൾകൊണ്ടു ഇരട്ടിയും രണ്ടിരട്ടിയും, നാലിരട്ടിയും ആയി വർദ്ധിച്ചിട്ടുണ്ടു. നേരെമറിച്ച് തിരുവിതാംകൂറിലെ സാധനങ്ങളുടെ വില കേവലം പരിമിതമായിട്ടുമാത്രമെ കൂട്ടിയിട്ടുള്ളു. പൊതുജനങ്ങളുടെ ഉപയോഗത്തെ മുൻനിറുത്തി ഗവൺമെൻറുതന്നെ ഉപ്പ് സംഭരിച്ചു കുറഞ്ഞവിലയ്ക്കു നൾകാൻ സൗകര്യപ്പെടുത്തിക്കൊടുക്കണമെന്നുള്ള കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ വന്നിരിക്കയാണല്ലൊ. ഈ ഉപക്ഷേപം അവസരോചിതവും സ്വീകാര്യവുമാണ്. ഇതു പ്രയോഗത്തിൽ വരുത്തിക്കാണ്മാൻ താല്പര്യപ്പെടുന്നു. വിദേശീയസമാനങ്ങൾക്കു കൂടിയിട്ടുള്ള ഇന്നത്തെ വില ഏററവും ദുർവഹമാണെന്നു പറയാതെ തരമില്ല. ഗവൺമെൻറിൻെറ ഈ വിഷയത്തിലുള്ള സവിശേഷമായ ശ്രദ്ധ പൊതുജനങ്ങൾക്ക് സഹായമായിരിക്കും. അതിനാൽ ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുകയും, ഇതു് നടപ്പിൽ വരുത്തുന്ന വിഷയത്തിൽ ഗവൺമെൻറ് സദയം ശ്രദ്ധിച്ചുകാണ്മാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.

MR. KOTTALIL P. ABRAHAM: Sir, by speaking on the motion, I only wish to bring to the notice of the Excise Commissioner that in Munambam salt depot which is the source of supply of salt to northern parts of the State there is often shortage of salt supply consequent on

[Mr. Kottalil P. Abraham.]

the shortage of stock during certain particular months. This year in Vrischigam or Dhanu there was some shortage. There was and there is some similar shortage during the current month. I do not know how that shortage happens during the particular months. I am told that there is some difficulty in transporting salt during the particular months and that is the reason for the shortage. Therefore I request the head of the department to see that salt is adequately supplied to that Depot so that people in the neighbouring locality may be able to get the necessary quantity of salt at all times of the year. Let me also take this opportunity to express my sincere joy to see that the Government have recorded in the Administration Report their appreciation of the good work turned out by this Department. For my part I also wish to pay my humble tribute to the Excise Commissioner seeing that there is a very considerable improvement in the general tone of the Department. There is increase in revenue, the morale is so very considerably raised and there is progress all around. I have taken this opportunity to express these thoughts and to congratulate Mr. Unnithan, the Excise Commissioner.

MR. K. P. KOCHUKORA THARAKAN : സർ, ട്രാൻസ്പോർട്ട് മുതലായ പല കാര്യങ്ങളും ഗവണ്മെൻറു നാഷണലൈസ് ചെയ്തിരിക്കുന്നസ്ഥിതിക്കു ഉപ്പു വ്യവസായവും ഗവണ്മെൻറു നാഷണലൈസ് ചെയ്യേണ്ടതു ഏററവും അത്യാവശ്യമായ ഒരു സംഗതിയാണ്. ഉപ്പുവ്യവസായത്തിൽ നിന്നു സാരമായ ഒരു ആദായം ഗവണ്മെൻറിനു കിട്ടുമെന്നുള്ളതും ഉപ്പ് കുടിൽതൊട്ടു കൊട്ടാരംവരെ ഉപയോഗിക്കുന്ന ഒരു സാധനവുമാണെന്നുള്ളതും പ്രത്യേകം ഓർക്കേണ്ടതാണ്. വലിയ ഉപ്പളക്കാർ ഉപ്പിൽ വലിയ കള്ളത്തരം ചെയ്യുന്നില്ലെങ്കിലും ചെറിയ അളക്കാർ പല കൃത്രിമങ്ങളും ചെയ്തു വരുന്നതായി കാണുന്നുണ്ട്. ഇതിനെ സംബന്ധിച്ചു ഇതിനുമുൻപ് ഈ സഭയിൽ ഒരു ഘാധനോപക്ഷേപം അവതരിപ്പിക്കുകയും അതു ഐകകണ്ഠ്യേന പാസാക്കുകയും ചെയ്ത സംഗതി ഗവണ്മെൻറിൻെറ ദൃഷ്ടിയിലും ഓർമ്മയിലും ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ ഇതിലേക്കു ഒരു വലിയ സംഖ്യ ഇൻവെസ്റ്റ് ചെയ്യേണ്ടിവരുമെന്നു ഗവണ്മെൻറു അന്നു പറയാതിരുന്നില്ല. ഇപ്പോൾ ബഡ്ജററിൽ ഒരു വലിയസംഖ്യ മിച്ചം ഇരിപ്പുള്ള സ്ഥിതിക്കും ഉപ്പു വ്യവസായത്തിൽനിന്നു സാരമായ ആദായം കിട്ടുമെന്നുള്ള സ്ഥിതിക്കും ഈ വ്യവസായം ഗവണ്മെൻറുതന്നെ ഏറെറടുത്തു നടത്തേണ്ടതാണ്. അങ്ങിനെ നടത്തുന്നപക്ഷം തൊഴിലില്ലാത്തവർക്കു തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിനു സാധിക്കുന്നതാണ്. ഈ കാര്യത്തിൽ വേണ്ട ആലോചന ചെയ്തു ഗവർമെൻറ് ഇതു പ്രയോഗത്തിൽ വരുത്തണമെന്നു അപേക്ഷിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

SADASYATILAKA T. K. VELU PILLAI: Sir, this motion raises two two questions according to me. One is a better system of regulating transportation in order that the consumer may get salt at the lowest possible rate. Secondly, nationalisation of salt produced in the State. If we impart into that word totalitarian ideas—the idea that State should own all property, that individual proprietorship should be discouraged, I should perhaps have no objection to accept nationalisation. But so long as the conditions of the civilised world do not permit us to embark on this course I am obliged to oppose that part of the idea conveyed by the motion. Sir, I do not see why when paddy fields and cocoanut gardens are allowed as private properties, salt pans are under Government control. A definite rule should be adopted. as to salt pans. The salt producing areas are in South Travancore. Salt pans are regarded in numerous families in the same way as families regard cocoanut gardens. Dowries are given in the shape of salt pans. When that is the case, one or two ideas with regard to the existence, origin, and the development to the present system will be necessary to elucidate my position.

MR. K. G. GOVINDAN (*Pathanamthitta*): May I know the name of the book?

SADASYATILAKA T. K. VELU PILLAI: Volume III of the State Manual.

MR. PULIYOOR T. P. VELAYUDHAN PILLAI: May I know whether the Member is aware that the question relating to the nationalisation of salt industry of the State has been passed by an overwhelming majority?

Now, it is because Travancore salt found its way into British India that the very idea of a kind of monopoly was entertained by most of the manufacfurers and they stopped manufacturing. I remember a time when everybody wanted only Bombay salt. Though dirty and bad looking it was supposed to possess greater utility than Travancore salt.

PRESIDENT: The honourable member may develop his remarks. But, let me remind the House that the time for the Demand expires at 3·27 P. M. and I should like the honourable member in charge of the Department being given 10 minutes.

SADASYATILAKA T. K. VELU PILLAI: Sir, I only want three or four minutes.

The padinasi in North Travancore was abandoned and the only salt pans in the State were in South Travancore. Now the Government have vigilantly controlled the production of salt. So, before I consent to the principle of nationalising the salt industry, the principle of nationalisation may have to be applied to other things besides salt. So that I would oppose the entertainment of this idea even remotely.

[Sadasyatilaka T. K. Velu Pillai.]

The position is different with regard to transport. Government takes an interest and spends money for the production of salt. And when the salt producers get their money, Government must try to do their best to give salt to the consumers in all parts of the country. I do not see any reason why the Government should not get the whole profit out of transport. Like the missionaries and engineers in the old days, those who went in for salt pans established their factories in upcountry. Although the Excise Commissioner has got a lot of work connected with customs, tobacco, etc, he must pay attention to this also.

